# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2246** **18-03-2015 ലെ മറുപടിയ്ക്ക്**

## കെ.എസ്.എഫ്.ഇ.ശാഖകൾ

**ചോദ്യം**

**ശ്രീ. ജി.എസ്. ജയലാൽ :**

(എ) ഈ ഗവ. അധികാരത്തിൽ വന്നശേഷം എത്ര കെ.എസ്.എഫ്.ഇ. ശാഖകൾ പുതുതായി ആരംഭിച്ചുവെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

**മറുപടി**

**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 130 ശാഖകൾ പുതുതായി ആരംഭിച്ചു.

| ജില്ല | | ശാഖകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | - | 17 |
| കൊല്ലം | - | 12 |
| പത്തനംതിട്ട | - | 8 |
| ആലപ്പുഴ | - | 11 |
| കോട്ടയം | - | 14 |
| ഇടുക്കി | - | 5 |
| എറണാകുളം | - | 16 |
| തൃശ്ശൂർ | - | 7 |
| പാലക്കാട് | - | 4 |
| മലപ്പുറം | - | 7 |
| കോഴിക്കോട് | - | 13 |
| വയനാട് | - | 3 |
| കണ്ണൂർ | - | 10 |
| കാസർകോട് | - | 3 |
| **ആകെ** | - | 130 |

**(ബി)** പ്രസ്തുത ശാഖകൾ ആരംഭിക്കുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ ;

**(ബി)** കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും കെ.എസ്.എഫ്.ഇ -യുടെ ശാഖകൾ ആരം ഭിക്കുമെന്ന് ബഹു. ധനകാര്യ മന്ത്രി 2011-12 ലെ ബഡ്ജററ് പ്രസംഗത്തിൽ പ്രഖ്യാപിക്കു കയുണ്ടായി. ഇതനുസരിച്ചാണ് കെ.എസ്.എഫ്.ഇ യുടെ സേവനം മുഴുവൻ ജനങ്ങളിലും എത്തിക്കുന്നതിനു വേണ്ടി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ശാഖകൾ ആരംഭിക്കുന്നതിനായുള്ള നടപടികൾ കൈക്കൊള്ളുന്നത്. ഉചിതമായ വാടക കെട്ടിടത്തിന്റെ ലഭ്യത, സ്ഥലത്തെ ജനങ്ങളുടെ സാമ്പത്തിക നിലവാരം, ബാങ്കിംഗ് സ്ഥാപനങ്ങളുടെ സാമീപ്യം, കെ.എസ്.എഫ്.ഇ-യുടെ മററു ശാഖകളുമായുള്ള ദൂരം, ശാഖ ലാഭത്തിൽ പ്രവർത്തിക്കുന്നതിനുള്ള സാധ്യതകൾ എന്നിവ പരിഗണിച്ചാണ് പുതിയ ശാഖകൾ തുടങ്ങുന്നത്.

**(സി)** കൊല്ലം ജില്ലയിൽ പുതുക്കുളം പ്രദേശത്ത് ഈ സ്ഥാപനത്തിന്റെ പുതിയ ശാഖ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ശാഖ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

**(സി)** കൊല്ലം ജില്ലയിൽ പുതുക്കുളം (പൂതക്കുളം) പ്രദേശത്ത് കെ.എസ്.എഫ്.ഇ യുടെ പുതിയ ശാഖ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.എഫ്.ഇ-യ്ക്ക് നിവേദനം ലഭിച്ചിരുന്നു. ആയത് കൊല്ലം ജില്ലാ റീജിയണൽ മാനേജരുടെ സാധ്യതാ പഠനത്തിനായി അയച്ചിരിക്കുകയാണ്. സാധ്യതാ പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.